# മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം)

## പത്തനംതിട്ട ഭദ്രാസനം

ഓഫീസ്: ഉപാസന പാസ്റ്ററൽ സെന്റർ, ഓമല്ലൂർ പി.ഒ. പത്തനംതിട്ട 689 647
Visit website: www.mcymptadiocese.com Like fb page: www.facebook.com/McymPathanamthitta
Msg via email: mcymptadiocese@gmail.com

'യുവജനം-വിശ്വാസം, വിളിസംബന്ധമായ വിവേചിച്ചറിയൽ'

**എം.സി.വൈ.എം.**
**ഭദ്രാസന സമിതി**

**ഡയറക്ടർ**
റവ.ഫാ. മാത്യു പുതുപ്പറമ്പിൽ

**ആനിമേറ്റർ**
സി. കൃപ എസ്.ഐ.സി

**പ്രസിഡന്റ്**
ജോബിൻ ഈനോസ്
ഫോൺ: 9496327218

**ജനറൽ സെക്രട്ടറി**
ജിഫിൻ സാം
ഫോൺ: 7736960999

**ട്രഷറാർ**
അജോയി പി. തോമസ്

**വൈസ് പ്രസിഡന്റ്**
ആൻ മരിയ സ്ലീബ
ജെയിംസ് ജോസ്

**സെക്രട്ടറി**
ഒലിവിയ എം. സെബാസ്റ്റ്യൻ
അജു തോമസ്
ഷെഫി ജോർജ് ഫ്രാൻസിസ്

**KCYM സിൻഡിക്കേറ്റ്**
ഷിബി എം. ജോൺ

**KCYM സെനറ്റ്**
വിജോ തോമസ്

**നാഷണൽ സിൻഡിക്കേറ്റ്സ്**
ജിജോ കുഞ്ഞുമോൻ
റിറ്റി എം.രാജൻ

**Ex. Off. സിൻഡിക്കേറ്റ്**
അജോ സി. ജോൺ

*No.Cr. 001/2018* **04.03.2018**

ബഹു. അച്ചാ/സിസ്റ്റർ/സുഹൃത്തേ,

ഭദ്രാസന സമിതിയിൽ നിന്നും സ്നേഹവന്ദനം. യൂണിറ്റ് ജില്ലാ ഭദ്രാസ തലങ്ങളിൽ പുതിയസമിതികൾ നിലവിൽ വന്ന് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വരും നാളുകളിലെ പ്രവർത്തനങ്ങൾ അങ്ങയുടെ സജീവമായ സാന്നിധ്യവും പിന്തുണയും ഉണ്ടാകണമെ.

**യുവജന വർഷം ഉദ്ഘാടനം: (നിർദേശം: സഭാതലസമിതി)** മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയുടെ **യുവജനവർഷം ഔദ്യോഗിക ഉദ്ഘാടനം മാർച്ച് 25 ന് വി. കുർബാനയ്ക്ക് ശേഷം എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തി നിർവഹിക്കുന്നു.** ഭദ്രാസന ഭാരവാഹികൾ തെരഞ്ഞെടുക്കുന്ന ഒരു യൂണിറ്റിലും ജില്ലാ സമിതി അംഗങ്ങൾ ജില്ലാ കേന്ദ്രങ്ങളിലും ഉദ്ഘാടനത്തിനായി ഒത്തുചേരണം. ഉദ്ഘാടനത്തിന്റെ ഫോട്ടോ പ്രസിഡന്റ്/ജനറൽ സെക്രട്ടറി എന്നിവർക്ക് അയച്ചുനൽകണമെ.

**യൂത്ത് ക്രോസ് പ്രയാണം (നിർദേശം: സഭാതലസമിതി):** സുവർണ ജൂബിലിയുടെ സന്ദേശം എല്ലാ യൂണിറ്റുകളിലും എത്തിക്കുന്നതിനായി 100 യൂണിറ്റുകളിലേക്കും നാല് ജില്ലാ സമിതികളുടെ നേതൃത്വത്തിൽ വള്ളിക്കുരിശ് പ്രയാണം നടത്തുന്നു. ക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഭദ്രാസന നേതൃസംഗമം:** യൂണിറ്റ് തലത്തിൽ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി **നേതൃപരിശീലന ക്യാമ്പ് ഏപ്രിൽ 14 ന് രാവിലെ 9 മണിക്ക് മുതൽ 15 ന് ഉച്ചയ്ക്ക് 3 മണിക്ക് വരെ റസിഡൻഷ്യൽ രീതിയിൽ പന്തളം വൈദീകജില്ല ആതിഥേയത്വത്തിൽ ഉള്ളന്നൂർ ദൈവാലയത്തിൽ നടത്തപ്പെടുന്നു.** എല്ലാ യൂണിറ്റിലെയും പ്രസിഡന്റ്, സെക്രട്ടറി, സിൻഡിക്കേറ്റ് അംഗങ്ങൾ പൂർണസമയവും പങ്കെടുക്കണം. യൂണിറ്റുകളെ വിവരം അറിയിക്കണമെ. ഏപ്രിൽ 1 മുമ്പായി രജിസ്റ്റർ ചെയ്യണം. ആവശ്യമായ ലിങ്ക് പിന്നീട് അയച്ചു നൽകുന്നതാണ്.

**യൂണിറ്റ് സന്ദർശനം:** നമ്മുടെ പ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിൽ സജീവമാക്കുന്നതിനായി ഭദ്രാസന ജില്ലാ സമിതികൾ ഒന്നുചേർന്ന് യൂണിറ്റ് സന്ദർശനം നടത്തുന്നു. മുൻവർഷത്തിൽ നിന്നും വ്യത്യസ്ഥമായി **ജില്ലകളുടെ സൗകര്യാർത്ഥം ഒന്ന്, രണ്ട് ഞായറഴ്ചകളിലായി മെയ് 31 മുമ്പായി സന്ദർശനം പൂർത്തിയാക്കണമെന്ന് ആഗ്രഹിക്കുന്നു.** ജില്ലാ സമിതിയിലെ എല്ലാ അംഗങ്ങളുടെയും സജീവമായ പിന്തുണ ഉണ്ടാകണമെ.

**സഭാതല നേതൃപരിശീലനക്യാമ്പ് (നിർദേശം: സഭാതലസമിതി):** സഭാതല സമിതി നേതൃത്വത്തിൽ ഭദ്രാസന ഭാരവാഹികൾക്കും ജില്ലാ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കും വേണ്ടി **നേതൃപരിശീലന ക്യാമ്പ് ഏപ്രിൽ 27,28,29 തീയതികളൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ** നടത്തപ്പെടുന്നു. ഭദ്രാസന ഭാരവാഹികൾ, ജില്ലാ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുക്കണം.

**ഐ.ഡി. കാർഡ് ക്യാമ്പയിൻ:** പുതിയതായി അംഗത്വം സ്വീകരിക്കുന്ന യുവജനങ്ങൾക്കായി ഐഡി കാർഡ് ലഭിക്കുന്നതിനായി ഫോട്ടോ പതിച്ച ഫോം, ഐഡി പ്രൂഫ്, 100 രൂപ എന്നിവ സഹിതം മെയ് 31 ന് മുമ്പ് ഓൺലൈനായി അപേക്ഷിക്കണം. ഫോമുകളുടെ പകർപ്പ്, ഫീസ് എന്നിവ ജൂൺ 3 ന് ഭദ്രാസന സമിതിയെ ഏൽപ്പിക്കണം. ജൂൺ 30 വരെ 300/- രൂപ, ജൂലൈ 31 വരെ 500/- രൂപ നവംബർ 6 വരെ 1000/- രൂപ എന്നീ നിരക്കലും അപേക്ഷിക്കാവുന്നതാണ്. ഐഡി കാർഡുകൾ പ്രിന്റ് ചെയ്യുന്നതിന് മുമ്പായി ജില്ലാ സമിതിനേതൃത്വത്തിൽ പ്രൂഫ് പരിശോധന നടത്തണം. ഈ ജില്ലകൾക്ക് ഐ.ഡി കാർഡ് തുകയുടെ 20% തുക നൽകുന്നതാണ്.

**സെനറ്റ് അംഗങ്ങൾ ഒന്നിച്ച് ഒരു ദിവസം:**ഭദ്രാസന കർമ്മപദ്ധതിയുടെ ഭാഗമായി സെനറ്റ് അംഗങ്ങൾ എല്ലാവരും ഒന്നിച്ച് **ഒരു ദിവസത്തെ യാത്ര മെയ് 26 ശനിയാഴ്ച്ച ക്രമീകരിക്കുന്നു.** ബഹു. അച്ചന്മാരും സിസ്റ്റേഴ്സും ഉൾപ്പെടെ എല്ലാ സെനറ്റ് അംഗങ്ങളും മെയ് 26 ന് ഈ യാത്രയിൽ പങ്കെടുക്കണമെ.

**മാർ ഈവാനിയോസ് ക്വിസ്:** ജൂൺ 3 ന് ഉച്ചയ്ക്ക് 2 മണിമുതൽ ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. Multiple Choice രീതിയിൽ ആയിരിക്കും മത്സരം. **പഠിക്കേണ്ട ഭാഗങ്ങൾ:**- ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് 25%, എംസിവൈഎം ഭരണഘടന 25%, വി. ഫ്രാൻസിസ് അസീസി ജീവചരിത്രം 25%, സഭാചരിത്രം 25%.

ജില്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.
സ്നേഹപൂർവം,

**ജിഫിൻ സാം**
ജനറൽ സെക്രട്ടറി